**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6500** **20-03-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ ഐ.ടി. വിംഗിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളിൽ കൃത്യതയും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി അതോറിറ്റിയുടെ ഐ.ടി. വിംഗ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി നൽകുന്ന സേവനങ്ങളിൽ കൃത്യതയും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി അതോറിറ്റിയുടെ ഐ ടി വിംഗ് സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഐ.ടി. വിംഗിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് ഏത് ഏജൻസിയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്; പ്രസ്തുത കരാർ എത്ര വർഷത്തേയ്ക്കാണെന്നും ഇതിനായി 2021, 2022 കാലയളവിൽ എത്ര തുക ചെലവായെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ഐ.ടി. വിംഗിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനു മറ്റു ഏജൻസികൾക്കു ഒന്നും കരാർ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

വെബ്സൈറ്റ് മെയിന്റനൻസ്, സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, മൊബൈൽ ആപ്പ് വികസനം, കേരള വാട്ടർ അതോറിറ്റിയുടെ വിവിധ സോഫ്റ്റ്‌വെയറുകളുടെ പരിപാലനം, ഐടി ഹാർഡ്‌വെയർ സംഭരണത്തിനായുള്ള സ്പെസിഫിക്കേഷൻ ഫൈനലൈസേഷൻ, ഐ.ടി., നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പരിപാലനം, മറ്റ് സംസ്ഥാന ഗവൺമെന്റ് സോഫ്റ്റ്‌വെയറുകളുമായുള്ള സംയോജനം എന്നീ നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഐ.ടി.വിംഗ് സ്വീകരിച്ചു വരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ ഫീൽഡ് സ്റ്റാഫിന് സൈറ്റിൽ നിന്ന് തന്നെ കണക്ഷൻ നൽകാനും ഡാറ്റകൾ ഇ അബാക്കസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതിനും JJM മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു. JJM കണക്ഷനുകൾ ഉൾപ്പെടെ ഈ കാലയളവിൽ 6.8 ലക്ഷം പുതിയ കണക്ഷനുകൾ ഇ -അബാക്കസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2021-22 കാലയളവിൽ പേപ്പർരഹിത ഓഫീസ് സോഫ്റ്റ്‌വെയർ (DDFS) കേരള വാട്ടർ അതോറിറ്റി കേരളത്തിലുടനീളം നടപ്പിലാക്കുകയുണ്ടായി. 433 ഓഫീസുകളിൽ ആയി 4119 ജീവനക്കാർ DDFS ഉപയോഗിച്ച് ഫയൽ നടപടികൾ ത്വരിതഗതിയിൽ തീർപ്പ് കൽപ്പിക്കുന്നു. ഗണ്യമായ രീതിയിൽ പേപ്പർ ഉപയോഗം കുറയ്ക്കാനും അതുവഴി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാനും സാധിച്ചു. DDFS ന്റെ സെർവർ സംവിധാനം സ്റ്റേറ്റ് ഡാറ്റ സെന്ററിലേക്ക് മാറ്റിയത് വഴി തടസ്സമില്ലാതെ കാര്യക്ഷമമായി ഈ സംവിധാനം ഉപയോഗിച്ച് വരുന്നു.

ഉപഭോക്താക്കൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതി പരിഹാര സംവിധാനം (AQUALOOM) നടപ്പിലാക്കി. ഈ സംവിധാനം വഴി പരാതികൾ നേരിട്ട് ഓഫീസർക്ക് ലഭിക്കുകയും പരാതിയുടെ തൽസ്ഥിതി പരാതിക്കാരന് മനസ്സിലാക്കുവാനും കഴിയും. പരാതികൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുകയും എസ്എംഎസ് വഴി വിവരങ്ങൾ പരാതിക്കാരന് നൽകാനും സാധിക്കുന്നു.

ഇ-അബാക്കസിൽ നിന്ന് നേരിട്ട് ബിൽ സംബന്ധമായ വിവരങ്ങൾ എസ്എംഎസ് അലർട്ട് സർവീസ് വഴി രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ ഉപഭോക്തൃ നമ്പർ അടക്കം ലഭിക്കുന്നു. കൂടാതെ തുക അടച്ച ബിൽ റെസിപ്പ്റ്റിന്റെ വിവരങ്ങളും എസ്എംഎസ് വഴി ഉപഭോക്താവിനു ലഭിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ kwa.kerala.gov.in -ൽ പൊതു ജനങ്ങൾക്ക് ആവശ്യമായ എല്ലാ വിവരങ്ങളും സർവീസുകളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ KWA ഓഫീസ് സംബന്ധമായ വിവരങ്ങൾ, ഫോൺ നമ്പറുകൾ, നടപ്പിലാക്കിയതും നടപ്പിലാക്കേണ്ടതുമായ പദ്ധതിയുടെ വിവരങ്ങൾ, നിലവിലെ സാമ്പത്തിക സ്ഥിതി, ഉപഭോക്താവിന് ലഭ്യമാക്കേണ്ട സേവനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലവിതരണ സംവിധാനത്തിലെ തടസ്സം യഥാസമയം ഉപഭോക്താവിനെ അറിയിക്കുന്നതിനായി രജിസ്റ്റേർഡ് ഫോൺ നമ്പറിൽ സർവീസ് ഇന്ററപ്ഷൻ മൊഡ്യൂൾ (SIM) സംവിധാനം നടപ്പിലാക്കുകയുണ്ടായി.

സീവേജ് ട്രീറ്റ്മെന്റ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനായി KWA ജി ഐ എസ് അധിഷ്ഠിത ഒപ്റ്റിമൽ സൈറ്റ് സെലക്ഷൻ സിസ്റ്റം വികസിപ്പിച്ചെടുക്കുകയുണ്ടായി. KWA യുടെ ജി ഐ എസ് മാപ്പിംഗ് സംവിധാനം ഡാറ്റാ വിശകലനത്തിനും ഉചിതമായ തീരുമാനം എടുക്കുന്നതിനും ഉപയോഗിച്ചുവരുന്നു.

കോൺട്രാക്ടേഴ്സിന് പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനും KWA വികസിപ്പിച്ചെടുത്ത കോൺട്രാക്ടേഴ്സ് ലൈസൻസ് ആപ്ലിക്കേഷൻ വഴി സാധിക്കുന്നതാണ്. വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് എന്ന സോഫ്റ്റ്‌വെയർ മുഖേന പൊതുജനങ്ങൾക്ക് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനും, ഫീസ് അടയ്ക്കുന്നതിനും, ഗുണനിലവാര പരിശോധന ഫലം ഡൗൺലോഡ് ചെയ്യുന്നതിനും സാധിക്കുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ ഡിജിറ്റൽ ബാങ്കിംഗ് സംവിധാനമായ ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് മാനേജ്മെൻറ് സൊല്യൂഷൻ ആരംഭിച്ചതു വഴി 650 ലധികം ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ ജല അതോറിറ്റിയെ പ്രാപ്തമാക്കി സാമ്പത്തിക അവലോകനം ലളിതമാക്കാനും ജല അതോറിറ്റിയുടെ പ്രതിദിന വാട്ടർ ചാർജ് ശേഖരണം ലഭ്യമാക്കി വരുമാന നിരീക്ഷണം സുഗമമാക്കാനും സഹായിക്കുന്നു.

അതോറിറ്റിയുടെ ടെൻഡർ അറിയിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനായി KWA ഒരു ഓൺലൈൻ ആപ്ലിക്കേഷൻ APT (ടെൻഡർ അറിയിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഓട്ടോമേറ്റഡ് പ്ലാറ്റ്ഫോം) ആരംഭിച്ചു. .

ഓൺലൈൻ സംവിധാനമായ ഇ-ടാപ്പ് നവീന രീതിയിലുള്ള മാറ്റത്തിന്റെ ഒരു വലിയ ചുവടുവെപ്പാണ്. അപേക്ഷകന് പുതിയ വാട്ടർ കണക്ഷനും, സിവറേജ് കണക്ഷനും അപേക്ഷിക്കുന്നതിന് വേണ്ടി ഒരു ഘട്ടത്തിലും ഓഫീസ് സന്ദർശിക്കേണ്ടതായി വരുന്നില്ല എന്നതാണ് ഈ പുതിയ സംവിധാനത്തിന്റെ ഏറ്റവും വലിയ നേട്ടം. സ്കാൻ ചെയ്ത രേഖകൾ, ഫോട്ടോകൾ തുടങ്ങിയവ അപ്‌ലോഡ് ചെയ്യാൻ ഈ സംവിധാനം വഴി സാധിക്കുന്നു. സൈറ്റ് പരിശോധനയ്ക്കും സാധ്യതാ പരിശോധനയ്ക്കും സെക്ഷൻ ഓഫീസുകൾക്ക് അപേക്ഷകൾ നേരിട്ട് കൈമാറുന്നു. സാധ്യതാ പരിശോധന കഴിഞ്ഞാൽ കണക്ഷന് വേണ്ടി അപേക്ഷ പ്രോസസ്സ് ചെയ്യുകയും പണമടയ്ക്കാൻ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ മെസ്സേജ് ലഭ്യമാക്കുകയും ചെയ്യുന്നു. ലൈസൻസുള്ള പ്ലംബർ നിയമനം ഓട്ടോമാറ്റിക്കായി സാധ്യമാക്കുകയും പുതിയ കണക്ഷൻ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. മീറ്റർ റീപ്ലേസ്മെൻറ്, കാറ്റഗറി മാറ്റം, ഡിസ്കണക്ഷൻ, റീകണക്ഷൻ, ഉടമസ്ഥാവകാശമാറ്റം ,ആൾട്ടറേഷൻ തുടങ്ങിയ കണക്ഷനുമായി ബന്ധപ്പെട്ട മറ്റു സേവനങ്ങൾ ഇ-ടാപ്പിൽ ലഭ്യമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഇ-അബാക്കസുമായി BBPS-ന്റെ നേരിട്ടുള്ള സംയോജനം, Quick pay portal -ൽ SBI PAYMENT GATEWAY, FEDERAL BANK തുടങ്ങിയ നിരവധി ഐടി സംരംഭങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു.

എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്നതിലൂടെ നിലവിലുള്ള എല്ലാ സോഫ്റ്റ്‌വെയറും ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കേരള വാട്ടർ അതോറിറ്റിയുടെ വിവിധ സെക്ഷനുകളുടെ പ്രവർത്തനക്ഷമത നിർവഹിക്കുന്നതിനുള്ള വ്യത്യസ്ത മൊഡ്യൂളുകൾ ഒറ്റ സൈറ്റിൽ ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നു.

**<u>ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങളും സാങ്കേതിക നേട്ടങ്ങളും</u>**

ഓട്ടോമേഷൻ രംഗത്ത് പുതിയ കാൽവയ്പ്പിനായി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഒരു ഇ ആർ പി സംവിധാനം, SCADA സംവിധാനം ഉപയോഗിച്ച് എല്ലാ പമ്പ് ഹൗസുകളും ഓട്ടോമേറ്റ് ചെയ്യുവാനും എല്ലാ പൈപ്പ് ലൈൻ നെറ്റ് വർക്കുകളും മറ്റ അനുബന്ധ സാമഗ്രികളും GIS മുഖേന ബന്ധിപ്പിച്ചു അതിന്റെ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതിനായി ഒരു GIS സംവിധാനം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ വരുമാനം വർധിപ്പിക്കുന്നതിനും മീറ്റർ റീഡിങ് കാര്യക്ഷമമാക്കുന്നതിനുമായി പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

വാട്ടർ ചാർജ് ബില്ലിനെക്കുറിച്ചുള്ള വിവരം പൊതുജനങ്ങൾക്ക് നല്കാൻ നൂതനമായ ബില്ലിംഗ് സംവിധാനം നടപ്പിലാക്കുക വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങളും വിവരങ്ങളും നല്കാൻ സാധിക്കും .